# STD - II

## അദ്ധ്യാപക സഹായി

## പാഠം മൂന്ന്     പാപംമൂലം നഷ്ടമായ പറുദീസ     ഭാഗം - ഒന്ന്

**ലക്ഷ്യം:**

പാപം ചെയ്യുമ്പോൾ നാം ദൈവത്തിൽനിന്നും മനുഷ്യനിൽനിന്നും പ്രകൃതിയിൽനിന്നും അകലുന്നു. അനുസരണക്കേടു കാണിക്കുന്നവരെ ദൈവം ശിക്ഷിക്കും. പാപം ചെയ്യാതെ, ദൈവത്തിന് ഇഷ്ടമുള്ള മക്കളായി അനുസരണയോടെ ഞങ്ങൾ ജീവിക്കും.

**പഠനസഹായി:**

* ആദവും ഹവ്വായും അത്തിമരത്തിന്റെ മറവിൽ നിൽക്കുന്ന ചിത്രം
* ദൈവത്തിന് ഇഷ്ടപ്പെട്ട കാര്യങ്ങളുടെ പദസഞ്ചിക ചാർട്ട്

**പാഠത്തിന്റെ ഉള്ളടക്കം**

* ആദത്തെയും ഹവ്വായെയും കാണാൻ ദൈവം ഏദൻതോട്ടത്തിൽ വരുന്നു.
* പാപം ചെയ്തതിനാൽ ആദവും ഹവ്വായും മരങ്ങൾക്കിടയിൽ ഒളിച്ചിരിക്കുന്നു.
* നാണം അനുഭവപ്പെട്ടപ്പോൾ അത്തിയിലകൾകൊണ്ട് നഗ്നത മറച്ചു.
* തന്നിൽനിന്നും അകന്നുപോയ ആദത്തെയും ഹവ്വായെയും ഓർത്ത് ദൈവം വിഷമിക്കുന്നു.
* അനുസരണക്കേടു കാണിച്ചതിനു ദൈവം ആദത്തെയും ഹവ്വായെയും ശിക്ഷിച്ചു.
* ഏദൻതോട്ടത്തിൽനിന്നും ദൈവം ആദത്തെയും ഹവ്വായെയും പുറത്താക്കിയപ്പോൾ സകല സൗഭാഗ്യങ്ങളും അവർക്ക് നഷ്ടമായി.

**പ്രാർത്ഥന**

കാരുണ്യവാനായ ദൈവമേ, പാപം ചെയ്ത് അങ്ങിൽ നിന്നും അകലുവാൻ ഞങ്ങളെ അനുവദിക്കരുതെ. അങ്ങേയ്ക്ക് ഇഷ്ടമുള്ള മക്കളായി, അനുസരണയോടെ ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

**ചോദ്യങ്ങൾ**

1. ആദത്തെയും ഹവ്വായെയും കാണാൻ ദൈവം എവിടെ വന്നു?
2. ദൈവത്തിന്റെ കാലൊച്ച കേട്ടപ്പോൾ അവർ എന്തുചെയ്തു?
3. നാണം തോന്നിയപ്പോൾ ആദവും ഹവ്വായും എന്തുചെയ്തു?
4. അനുസരണക്കേടു കാണിച്ച ആദത്തെയും ഹവ്വായെയും ശിക്ഷിച്ചതാര്?
5. ദൈവം ആദത്തിനും ഹവ്വായ്ക്കും നൽകിയ ശിക്ഷ എന്താണ്?

# STD - II

## അദ്ധ്യാപക സഹായി

## പാഠം മൂന്ന് പാപംമൂലം നഷ്ടമായ പറുദീസ ഭാഗം - രണ്ട്

**ലക്ഷ്യം:**

ദൈവം സ്നേഹമുള്ള പിതാവാണ്. പാപികളോട് അവിടുന്ന് കാരുണ്യം കാണിക്കുന്നു. പാപത്തിൽനിന്നും നമ്മെ രക്ഷിക്കുന്ന ദൈവത്തെ സ്നേഹിക്കുകയും, മാതാപിതാക്കളേയും മുതിർന്നവരേയും ബഹുമാനിക്കുകയും, എല്ലാവരോടും കരുണ കാണിക്കുകയും ചെയ്യും.

**പഠനസഹായികൾ:**

* നല്ല ഇടയന്റെ ചിത്രം
* ധൂർത്തപുത്രന്റെ കഥ വീഡിയോ ക്ലിപ്പിംഗ്
* അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധം പറയുന്ന അനുഭവകഥ
* വചനം - സങ്കീർത്തനം 100:5

**പാഠത്തിന്റെ ഉള്ളടക്കം:**

* ദൈവത്തിന് ആദത്തിനോടും ഹവ്വായോടും കരുണ തോന്നി
* മനുഷ്യനെ തേടി ദൈവം വരുന്നു.
* മനുഷ്യർക്ക് രക്ഷകനെ വാഗ്ദാനം ചെയ്യുന്നു.
* പാപത്തിൽനിന്നും ദൈവം മനുഷ്യനെ രക്ഷിക്കുന്നു.
* ദൈവം സ്നേഹമുള്ള പിതാവാണ്.
* പാപത്തിൽനിന്ന് ഓടിയകന്ന് ദൈവത്തോടു ചേർന്നുനിൽക്കാം.

**പ്രാർത്ഥന**

സ്നേഹമുള്ള ദൈവമേ, പാപത്തിൽ അടിമപ്പെടാതെ നന്മയിൽ ജീവിക്കുവാൻ ഞങ്ങൾക്കു കൃപനൽകേണമേ. ആമ്മേൻ.

**ചോദ്യങ്ങൾ**

1. ദൈവം എങ്ങനെയുള്ള പിതാവാണ്?
2. പാപികളെ വെറുക്കാത്തത് ആര്?
3. ആദത്തിനും ഹവ്വായ്ക്കും ആരെയാണ് ദൈവം വാഗ്ദാനം ചെയ്തത്?
4. പശ്ചാത്തപിക്കുന്ന പാപിയോട് ദൈവം എന്തു കാണിക്കും?
5. പാപത്തിൽനിന്നും മനുഷ്യനെ രക്ഷിക്കുന്നതാരാണ്?